ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME:** 06.30 PM **DATE:** 07.11.2024

## പ്രധാനവാർത്തകൾ

1) ഭീകരവാദത്തെ നേരിടുന്നതിനുള്ള ദേശീയ നയത്തിന് കേന്ദ്രസർക്കാർ ഉടൻ രൂപം നൽകുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

2) സംസ്ഥാനത്തെ മൂന്ന് മണ്ഡലങ്ങളിൽ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു.

3) മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതർക്ക് പഞ്ചായത്തിൽ നിന്നും കേടായ അരി വിതരണം ചെയ്തെന്ന പരാതി ഗൗരവകരമാണെന്ന് റവന്യൂമന്ത്രി കെ. രാജൻ.

4) ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഹൈക്കോടതി അമിക്കസ് ക്യൂറിയെ നിയമിച്ചു.

5) കൊല്ലം കളക്ടറേറ്റ് ബോംബ് സ്ഫോടനക്കേസിൽ മൂന്ന് പ്രതികൾക്ക് ജീവപര്യന്തം തടവ്.

RNU TVPM

6) സംസ്ഥാന സ്കൂൾ കായികമേളയിൽ 'ഗെയിംസിലും അക്വാട്ടിക്സിലും ആധിപത്യം പുലർത്തി തിരുവനന്തപുരം ജില്ല. അത്ലറ്റിക്സിൽ പാലക്കാടിന് മുന്നേറ്റം.

&&&&&&&&&&&&&&&&&&

**അമിത് ഷാ**

ഭീകരവാദത്തെ നേരിടുന്നതിനുള്ള ദേശീയ നയത്തിന് കേന്ദ്രസർക്കാർ ഉടൻതന്നെ രൂപം നൽകുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ദേശീയ അന്വേഷണ ഏജൻസി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച രണ്ട് ദിവസത്തെ ഭീകരവിരുദ്ധ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നരേന്ദ്രമോദി സർക്കാർ ഭീകരവാദത്തിനെതിരെ ശക്തമായ നിലപാടാണ് സ്വീകരിച്ചു വരുന്നതെന്നും അദ്ദേഹം പറഞ്ഞു. സാങ്കേതിക വിദ്യയിലെ നൂതന മാറ്റങ്ങളെക്കുറിച്ച് യുവ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടതിൻറെ പ്രാധാന്യവും അദ്ദേഹം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

**വയനാട് പ്രചാരണം - ഇൻട്രോ**

സംസ്ഥാനത്തെ മൂന്ന് മണ്ഡലങ്ങളിലെ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. വയനാട് ലോക്സഭാ മണ്ഡലത്തിൽ പ്രചാരണം മൂന്നാം ഘട്ടത്തിലേക്ക് കടന്നിരിക്കേ ഓരോ

വോട്ടും ഉറപ്പിക്കാനുള്ള തിരക്കിലാണ് മുന്നണികൾ. കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ല പ്രതിനിധി അരുൺ വിൻസൻറ്...... (വോയിസ്)

&&&&&&&&&&&&&&&&&&

**ചേലക്കര പ്രചാരണം**

ചേലക്കര നിയമസഭാ മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർഥി രമ്യ ഹരിദാസ് ഇന്ന് പാഞ്ഞാൾ കൊച്ചപ്പൻ പടിയിൽ പര്യടനം നടത്തി.എൽഡിഎഫ് സ്ഥാനാർഥി യു.ആർ പ്രദീപിന്റെ മൂന്നാം ഘട്ട പ്രചാരണവും ഇന്ന് ആരംഭിച്ചു. NDA സ്ഥാനാർത്ഥി കെ.ബാലകൃഷ്ണന് വേണ്ടി തിരുവില്വാമല ടൗണിൽ നടന്ന തെരഞ്ഞെടുപ്പ് പൊതുയോഗം മേജർ രവി ഉദ്ഘാടനം ചെയ്തു.

പാലക്കാട് നിയമസഭ മണ്ഡലത്തിലും പ്രചാരണം ശക്തമായി തുടരുകയാണ്. മൂന്ന് മുന്നണി സ്ഥാനാർഥികളും ഉപതിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾക്കിടെ ഇന്ന് കൽപ്പാത്തിയിൽ രഥോത്സവത്തിൻറെ കൊടിയേറ്റ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**കള്ളപ്പണ ആരോപണം - പാലക്കാട്**

പാലക്കാട് ഉപതെരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട് ഉയർന്ന

RNUTVPM

കള്ളപ്പണ ആരോപണങ്ങളിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടറോട് റിപ്പോർട്ട് തേടി. ഹോട്ടൽ മുറികളിലടക്കം നടന്ന പരിശോധനയെ കുറിച്ചും കമ്മീഷൻ റിപ്പോർട്ട് തേടിയിട്ടുണ്ട്. കോൺഗ്രസ് വനിതാ നേതാക്കൾ താമസിച്ച മുറികളിൽ നടപടി ക്രമങ്ങൾ പാലിക്കാതെ പോലീസ് റെയ്ഡ് നടത്തിയെന്ന് ആരോപിച്ച് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷന് പരാതി നൽകി. അതെസമയം, കള്ളപ്പണ ആരോപണങ്ങളിൽ കോൺഗ്രസിന് പരിഭ്രാന്തിയാണെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. ദൃശ്യങ്ങൾ പുറത്തു വന്നതോടെ കാര്യങ്ങൾ വ്യക്തമായെന്നും അദ്ദേഹം മാധ്യമങ്ങളുടെ ചോദ്യത്തിന് മറുപടി നൽകി. കള്ളപ്പണ ഇടപാടിൽ പൊലീസും സിപി ഐ എമ്മും ചേർന്ന് യുഡിഎഫിനെ സംരക്ഷിക്കുയാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രൻ ആരോപിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

**കെ രാജൻ മേപ്പാടി (intro)**

മുണ്ടക്കൈ-ചൂരൽമല ദുരന്ത ബാധിതർക്ക് കേടായ ഭക്ഷ്യധാന്യം വിതരണം ചെയ്യെന്ന പരാതി ഗൗരവകരമാണെന്ന് റവന്യൂ മന്ത്രി കെ രാജൻ. ജില്ലാ ഭരണകൂടവും റവന്യു വകുപ്പുമാണ് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുതെന്ന പരാമർശം

നിരുത്തരവാദപരമാണെന്നും അദ്ദേഹം പറഞ്ഞു. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് മാതൃകാപരമായ പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിയതെന്നും അദ്ദേഹം പ്രതികരിച്ചു
(ഹോൾഡ്)

&&&&&&&&&&&&&&&&&&

**പുഴുവരിച്ച അരി**

ചൂരൽമല ദുരന്തബാധിതർക്ക് പഞ്ചായത്തിൽ നിന്നും പുഴുവരിച്ച അരി നൽകിയെന്ന പരാതിയിൽ ഡിവൈഎഫ്ഐ പ്രവർത്തകർ മേപ്പാടി പഞ്ചായത്ത് ഓഫീസ് ഉപരോധിച്ചു. പഞ്ചായത്ത് ഓഫിസിൽ തള്ളിക്കയറി ആക്രമണം നടത്തി പ്രതിഷേധക്കാരെ പോലീസ് അറസ്റ്റ് ചെയ്തു നീക്കി. 5 ഓളം പ്രവർത്തകർക്കെതിരെ പോലിസ് കേസ് എടുത്തിട്ടുണ്ട്. പ്രതിഷേധവുമായി വന്ന ബിജെപി പ്രവർത്തകരെ പോലീസ് തടഞ്ഞു. അതേസമയം DYFI പ്രവർത്തകർ മർദ്ദിച്ചു എന്നാരോപിച്ച് പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർ ചികിത്സ തേടി.

റവന്യൂ വകുപ്പാണ് അരി നൽകിയത് എന്ന് ചൂണ്ടിക്കാട്ടി പഞ്ചായത്ത് പ്രതിനിധികൾ ജില്ലാ

RNU TVPM

കളക്ടറുടെ ചേമ്പറിന് മുൻപിൽ കുത്തിയിരിപ്പ് സമരം നടത്തി.

&&&&&&&&&&&&&&&&&&

**ഹേമ കമ്മിറ്റി-അമിക്കസ് ക്യൂറി**

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി അമിക്കസ് ക്യൂറിയെ നിയമിച്ച് കേരള ഹൈക്കോടതി. അഡ്വക്കേറ്റ് മിത സുധീന്ദ്രനെയാണ് അമിക്കസ് ക്യൂറിയായി നിയോഗിച്ചത്. പ്രത്യേക അന്വേഷണ സംഘത്തിൻ്റെ അന്വേഷണം നല്ല രീതിയിൽ മുന്നോട്ടു പോകുന്നുണ്ടെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു. അന്വേഷണ പുരോഗതി റിപ്പോർട്ട് പ്രത്യേക അന്വേഷണസംഘം ഇന്ന് മുദ്രവച്ച കവറിൽ കോടതിയിൽ സമർപ്പിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

**കളക്ടറേറ്റ് സ്ഫോടനക്കേസ്**

കൊല്ലം കളക്ടറേറ്റ് ബോംബ് സ്ഫോടനക്കേസിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയ ആദ്യ മൂന്ന് പ്രതികൾക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിച്ച് കോടതി. കൊല്ലം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് വിധി പുറപ്പെടുവിച്ചത്. നിരോധിത ഭീകര സംഘടനയായ ബേസ്മൂവ്മെൻ്റ് പ്രവർത്തകരും തമിഴ്നാട് സ്വദേശികളുമായ അബ്ബാസ് അലി, ഷംസൂൺ

കരീംരാജ, ദാവൂദ് സുലൈമാൻ എന്നിവർക്കാണ് ശിക്ഷ വിധിച്ചത്. നാലാം പ്രതിയെ നേരത്തെ കുറ്റവിമുക്തനാക്കിയിരുന്നു. 2016 ജൂൺ 15 നായിരുന്നു കളക്ട്രേറ്റ് വളപ്പിൽ ഉപയോഗിക്കാതെ കിടന്ന ജീപ്പിൽ ബോംബ് സ്ഥാപിച്ച് പ്രതികൾ സ്ഫോടനം നടത്തിയത്.

&&&&&&&&&&&&&&&&&&&

## ആന്റിബയോട്ടിക് സാക്ഷരത

ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയ ഉപയോഗം തടയാൻ സംസ്ഥാന വ്യാപകമായി ബോധവത്കരണ പരിപാടികൾ പുരോഗമിക്കുന്നതായി ആരോഗ്യമന്ത്രി വീണാ ജോർജ്. ആന്റിബയോട്ടിക്കുകൾ തിരിച്ചറിയാനായി അവ നീല നിറത്തിലുള്ള പ്രത്യേക കവറുകളിൽ നൽകാനുള്ള പദ്ധതിയും ആരംഭിച്ചു. ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക് നൽകരുതെന്ന് മെഡിക്കൽ സ്റ്റോറുകൾക്ക് കർശന നിർദേശം നൽകിയിട്ടുണ്ടെന്നും ആരോഗ്യമന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&&

## എംപിമാരുടെ സമ്മേളനം

പാർലമെൻറിൻറെ ശീതകാല സമ്മേളനത്തിനു മുന്നോടിയായി കേരളത്തിൽ നിന്നുള്ള എംപിമാരുടെ യോഗം ഈ മാസം 21 ന് ചേരും. തിരുവനന്തപുരം

തൈക്കാട് സർക്കാർ അതിഥി മന്ദിരത്തിലാണ് യോഗം ചേരുന്നത്. ഈ മാസം 25 നാണ് പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് തുടക്കമാവുക.

&&&&&&&&&&&&&&&&&&

**ജോർജ് കുര്യൻ – CMFRI**

ഫിഷറീസ്, അക്വാകൾച്ചർ രംഗത്തെ ഡ്രോൺ സാങ്കേതിക വിദ്യയുടെ പ്രയോഗം സംബന്ധിച്ച് കൊച്ചി സി എം എഫ് ആർ ഐ സംഘടിപ്പിക്കുന്ന ശില്പശാല കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാളെ ഉദ്ഘാടനം ചെയ്യും. പ്രമുഖ ശാസ്ത്രജ്ഞർ, ഫിഷറീസ് ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും. മത്സ്യ തീറ്റയായ "കാഡൽമിൻ ബിഎസ്എഫ് പിആർഒ" യുടെ വിതരണവും ശ്രീ ജോർജ് കുര്യൻ നിർവ്വഹിക്കും.

PNU TVPM

&&&&&&&&&&&&&&&&&&

**സ്കൂൾ കായികമേള**

സംസ്ഥാന സ്കൂൾ കായികമേളയിൽ 'ഗെയിംസിലും അക്വാട്ടിക്സിലും വ്യക്തമായ ആധിപത്യം പുലർത്തി തിരുവനന്തപുരം ജില്ല. ഗെയിംസിൽ 400 മത്സരങ്ങൾ പൂർത്തിയായപ്പോൾ തിരുവനന്തപുരത്തിന് 115 സ്വർണവും 77 വെള്ളിയും 90 വെങ്കലവും ഉൾപ്പെടെ 990 പോയിന്റാണുള്ളത്. 539 പോയിന്റോടെ കണ്ണൂർ രണ്ടാം

സ്ഥാനത്തും 531 പോയിന്റോടെ തൃശ്ശൂർ മൂന്നാം സ്ഥാനത്തുമാണുള്ളത്. അക്വാട്ടിക്സിൽ 81 മത്സരങ്ങൾ പിന്നിട്ടപ്പോൾ 59 സ്വർണമുൾപ്പെടെ 515 പോയിന്റോടെയാണ് തിരുവനന്തപുരം ആധിപത്യം ഉറപ്പിക്കുന്നത്. 121 പോയിന്റുമായി എറണാകുളവും 72 പോയിന്റുമായി കോട്ടയവുമാണ് തൊട്ടുപിന്നിൽ. അത്‌ലറ്റിക്സിൽ 10 ഇനങ്ങൾ പൂർത്തിയായപ്പോൾ മലപ്പുറം ജില്ല ഒന്നാം സ്ഥാനത്തും , പാലക്കാട്, എറണാകുളം ജില്ലകൾ രണ്ടും മൂന്നും സ്ഥാനങ്ങളിലുമാണ്.

&&&&&&&&&&&&&&&&&&

RNU TVPM

## റേഷൻ മസ്റ്ററിംഗ്

മേരാ ഇ-കെവൈസി ഫെയ്സ് ആപ് ഉപയോഗിച്ച് മൊബൈൽ ഫോൺ വഴി റേഷൻ മസ്റ്ററിംഗ്, ചെയ്യുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് തയ്യാറായി . ഈ ആപ് വഴി റേഷൻ മസ്റ്ററിംഗ് ആദ്യമായി നടത്തുന്ന സംസ്ഥാനമാണ് കേരളം. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും Aadhaar Face RD, Mera eKYC എന്നീ രണ്ട് ആപ്പുകൾ ഡൗൺലോഡ് ചെയ്ത ശേഷം ആധാർ നമ്പർ നൽകിയാണ് ഫെയ്സ് കാപ്ച്ചർ വഴി മസ്റ്ററിംഗ് പൂർത്തിയാക്കേണ്ടത്. മേരാ ഇ-കെവൈസി ആപ് ഉപയോഗിച്ച് പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ പൂർണ്ണമായും സൗജന്യമായി മസ്റ്ററിംഗ് ചെയ്യും. മസ്റ്ററിംഗ് ഇതുവരെ ചെയ്യാത്ത ഗുണഭോക്താക്കൾക്ക് ഈ

സേവനം താലൂക്ക് സപ്ലൈ ഓഫീസ് മുഖാന്തിരം സൗജന്യമായി ലഭിക്കും.

&&&&&&&&&&&&&&&&&&&

**വോട്ടിങ് യന്ത്രം - കമ്മീഷനിങ്**

വയനാട് ലോക്സഭാ ഉപതെരഞ്ഞെടുപ്പിനുള്ള വോട്ടിങ് യന്ത്രങ്ങളുടെ കമ്മീഷനിങ് മലപ്പുറം ജില്ലയിൽ ആരംഭിച്ചു. ഏറനാട്, നിലമ്പൂർ, വണ്ടൂർ മണ്ഡലങ്ങളിലെ യന്ത്രങ്ങളുടെ കമ്മീഷനിങ്ങാണ് രണ്ട് കേന്ദ്രങ്ങളിലായി നടക്കുന്നത്. സ്ഥാനാർഥികളുടെ പേരും ചിഹ്നവും അടങ്ങിയ ബാലറ്റ് പേപ്പർ ബാലറ്റ് യൂണിറ്റിൽ പതിച്ച് വോട്ടിങ് യന്ത്രങ്ങൾ സജ്ജീകരിക്കുന്ന പ്രക്രിയയാണ് ഇത്. .

&&&&&&&&&&&&&&&&&&&

**കേന്ദ്ര മന്ത്രി പ്രകാശ് ജാവദേക്കർ**

2036 ഒളിമ്പിക്സ് ആതിഥേയത്വത്തിനായി അന്താരാഷ്ട്ര ഒളിമ്പിക് കമ്മറ്റിയ്ക്ക് ഇന്ത്യ കത്തയച്ചതിൽ രാജ്യത്തെ ജനങ്ങൾ സന്തുഷ്ടരാണെന്ന് മുതിർന്ന ബിജെപി നേതാവും മുൻ മന്ത്രിയുമായ പ്രകാശ് ജാവഡേക്കർ. ജന്മഭൂമിയുടെ ഒളിമ്പിക്സ് 2036 സെമിനാർ കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പി.ടി ഉഷ എംപി ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&

RIJU TVPM

## ഓൺലൈൻ രജിസ്ട്രേഷൻ

കേരള നിയമസഭ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിൽ പങ്കെടുക്കുന്ന പ്രസാധകർക്കായുള്ള സ്റ്റാളുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. klibf.niyamasabha.org യിൽ ഈ മാസം 15നകം രജിസ്റ്റർ ചെയ്യണം. ജനുവരി 7 മുതൽ 13 വരെയാണ് പുസ്തകോത്സവം.

&&&&&&&&&&&&&&&&&&

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 836 പോയിന്റ് ഇടിഞ്ഞ് 79,542 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 285 പോയിന്റ് നഷ്ടത്തിൽ 24,199 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കുറഞ്ഞു. പവന് 1,320 രൂപ കുറഞ്ഞ് 57,600 രൂപയും ഗ്രാമിന് 7,200 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&

PNU TVPM

**&**

RNU TVPM